# ഡിജിറ്റൽ മാഗസിൻ



# "യാത്ര "

ഗവ: ഹൈസ്കൂൾ മേഴത്തൂർ

2019 - 20

# നീയും ഞാനും

ദുശീലങ്ങളുടെ മഹാസാഗരത്തിൽനിന്നും
കൈ പിടിച്ചുയർത്തിയ നക്ഷത്രമേ......
സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും
ജീവൻ തന്ന പൊൻതാരകമേ
നീ ഇല്ലാതെ ഒരു ദിനമില്ലെനിക്ക് .....
നീ തെളിയിച്ച തിരികൾ എൻ മനസ്സിൽ
വിളക്കായി മാറിയതുപോലെ ....
ഇല കൊഴിയിച്ച വേനലിനോട്
പൂക്കൾ മൗനമാകുന്നതുപോലെ
നിൻ മൗനം ഒരു മധുരമായി മാറി
ഒരു വസന്തം വന്നെത്തിയപ്പോൾ
നിൻ കണ്ണുകളിലെ കൃഷ്ണമണിയായി മാറി
ജീവിതം നീന്തിത്തുടിക്കുന്നപോലെ
ഇ ഭൂമിയിൽ നിന്റെ ഒപ്പം ജീവിച്ചു
നിന്റെ ഓർമകളുള്ള ഒരു മനുഷ്യനായി..
ദേവലോകത്ത് എത്തിടുമ്പോൾ
വീണ്ടും കാണുക എന്നുണ്ടാവില്ല
ചുംബിച്ച ചുണ്ടുകൾക്ക് വിട ......

# ചതി

ചതി. സൂര്യമുരളി
കർമ്മം വാക്കുകളെ വേദനിപ്പിക്കുമ്പോൾ
നയനങ്ങൾ, ഇമകളെ, ഈറനണിയിക്കും
കാതുകൾ,ചുണ്ടുകളെ,വഞ്ചിക്കുമ്പോൾ
ഹൃദയം, മനസ്സിനെ,മുറിവേല്പിക്കും.
മനസ്സ്, സർവതിനെയും,മറക്കും....
ചതി,സർവ്വത്ര ചതി!
പുരാണങ്ങളിലെ ചതി ഇന്നും തുടരുന്നു
എവിടെയും,എപ്പോഴും, പതിഞ്ഞിരിക്കും,ചതി
സങ്കല്പങ്ങൾ, ദേഹത്തെ,തോല്പിക്കുമോ?
ആശകൾ,ലോകത്തെ,പുൽകുമ്പോൾ
ബുദ്ധി, പ്രപഞ്ചത്തെ,കീഴടക്കും......
വിഷാദം,സന്തോഷത്തെ,മൂടിപുതപ്പിക്കുമ്പോൾ
ആനന്ദം, ആത്മാവിനെ, തകർക്കും
രാത്രി, പകലിനെ, വിഴുങ്ങും....
രാഗം ഉയർന്നു ,സംഗീതം നിശ്ശബ്ദമാകുമ്പോൾ
വരികൾ,ഈണത്താൽ ശ്വാസത്തെ മറയ്ക്കുന്നു
പ്രവർത്തികൾ,വാക്കുകളെ,നാണിപ്പിക്കും
അസത്യം,സത്യത്തെ തൂക്കികൊല്ലുന്നു,
മാലോകരിന്ന് ആരാച്ചാർമാർ,വിഷം പോലും
തീണ്ടാത്ത,ഉഗ്രവിഷസർപ്പസുന്ദരന്മാരും,
സുന്ദരികളും....
ജനം,ലോകം,നൂറ്റാണ്ടുകൾ പുറകിലേക്ക്
ഒഴുകുന്നു, തടയണയില്ലാതെ......
നാം,നമ്മെ,വഞ്ചിക്കുന്നു,കർമ്മങ്ങളിലൂടെ....

**Sreyesh Das X B**

# പെൻസിൽ ഡ്രോയിങ്



നന്ദന 10 A

# പറഞ്ഞുകേട്ട കടങ്കഥകൾ

1, ഞെട്ടില്ലാ വട്ടയില ? : പപ്പടം

2,അകത്തു രോമം പുറത്തിറച്ചി? : : മൂക്ക്

3, അങ്ങേലെ ചങ്ങാതി വിരുന്നു വന്നു കായ്ക്കാത്ത പൂക്കാത്ത ചെടിയുടെ ഇലവേണം ?:വെറ്റില

4, അക്കരെ നിക്കും തുഞ്ചാണി ഇക്കരെ നിക്കും തുഞ്ചാണികൂട്ടിമുട്ടും ഏന്താണു?? : കൺപീലി

5, അങ്ങേ വീടിലെ മുത്തശ്ശിക്ക് ഇങ്ങേ വീട്ടിൽ മുറ്റമടി ?: മുള

6, അങ്ങോട്ടും ഇങ്ങോട്ടും സംഭന്തം വീട്ടമ്മക്കിതു നിർബന്തം : സാക്ഷ

7, അകത്തു നിന്നു നോക്കി കാണും കണ്ടതെല്ലാം ഉള്ളിലാകും ?: കേമറ

8, അരിപ്പുള്ളി നായരും തേങ്ങാപ്പുള്ളി നായരും കൂടി മുളപ്പുള്ളി നായരുടെ വീട്ടിൽ വിരുന്നു ചെന്നു, കോൽപ്പുള്ളി നായരു കുത്തിപ്പുറത്താക്കി ? :പുട്ട്

9, അഞ്ചുവരും കുഞ്ഞുവരും ഗുഹകാണാൻ പോയി അഞ്ചുവരിങ്ങോട്ടും കുഞ്ഞുവരങ്ങോട്ടും പോയി :അഞ്ചു വിരലുകൊണ്ടു ഊണു കഴിക്കുക

10, അടി മുള്ള് നടു കാട് തല പൂവ് ? : കൈതച്ച്ക്ക

11, അടിക്കൊരുവെട്ടും നടുക്കൊരു കെട്ടും തലക്കൊരു ചവിട്ടും?; കൊയ്ത്തും മെത്തിയും

12, അണിഞ്ഞാൽ എടുക്കാനാവാത വെള്ളി താലി ? : കോലം

13, അപ്പത്തിനുകൂടും അടിക്കുകൂടില്ല ? : ചുണ്ടുകൾ

14, അമ്പലത്തിലുള്ള ചേംബകത്തിനു കൊമ്പില്ല ? :കൊടിമരം

15, ആവശ്യക്കാരൻ വങ്ങുന്നില്ല....വാങ്ങുന്നവൻ അറിയുന്നില്ല..? : ശവപ്പെട്ടി

Collected by Arya C S

# നുറുങ്ങുകൾ

നല്ല സ്നേഹിതൻ
എപ്പോഴും നിന്നെ
വിശ്വസിക്കുന്നു..അ
ല്ലാതെ മറ്റുള്ളവർ
നിന്നെക്കുറിച്ച് പ
റയുന്ന കുറ്റങ്ങൾ
കേട്ട് അത്
വിശ്വസിക്കുകയില്ല.

WWW.FACEBOOK.COM/HANEEFLABBAKKA

നിങ്ങളുടെ കണ്ണ് അല്ലെങ്കിൽ നോട്ടം
നല്ലതാണെങ്കിൽ നിങ്ങൾക്ക്
ലോകത്തെ  വളരെ നല്ലതായി
കാണാൻ കഴിയും .
എന്നാൽ നിങ്ങളുടെ നാവ്
അല്ലെങ്കിൽ സംസാരം
നല്ലതാണെങ്കിൽ ലോകം നിങ്ങളെ
വളരെ നല്ലവനായി കാണും .

# കാർട്ടൂൺ


ടിന്റുമോൻ
WHYKOL.com
നിനക്കെല്ലാ പെൺകുട്ടികളെയും നിന്റെ പെങ്ങന്മാരായി കണ്ടുകൂടേടാ
കരുതാമായിരുന്നു. പക്ഷേ...
എന്തു പക്ഷേ..
നാട്ടുകാരച്ഛനെപ്പറ്റി എന്തു വിചാരിക്കും എന്നോർത്താ..!
www.whykol.com www.whykol.com www.whykol.com

# അപ്പൂപ്പനും അമ്മൂമ്മയും ചാമ്പങ്ങയും

ഒരിടത്തൊരിടത്ത് ഒരു അപ്പൂപ്പനും അമ്മൂമ്മയും ഉണ്ടായിരുന്നു.

അവരുടെ വീടിനു മുന്നിൽ ഒരു ചാമ്പ മരം ഉണ്ടായിരുന്നു. ആ ചാമ്പ മരത്തിൽ നിറയെ ചാമ്പങ്ങ ഉണ്ടായി. ചാമ്പമരം മുഴുവൻ ചാമ്പങ്ങ പഴുത്തു കിടക്കുന്നത് കാണുവാൻ നല്ല രസമായിരുന്നു.

അങ്ങനെയിരിക്കെ ഒരു ദിവസം അമ്മൂമ്മ അപ്പൂപ്പനോട് പറഞ്ഞു. "എന്ത് രസമാണ് ചാമ്പങ്ങ പഴുത്തു കിടക്കുന്നതു കാണുവാൻ. നമുക്ക് ഇതാർക്കും കൊടുക്കേണ്ട. അടുത്ത വീട്ടുകളിലെ കുട്ടികൾ വരുമ്പോൾ നമുക്കവരെ ഓടിക്കാം."

ഇതുകേട്ട് അപ്പൂപ്പൻ പറഞ്ഞു. "ശരിയാ , ഇതാർക്കും കൊടുക്കേണ്ട. നമുക്കും കഴിക്കേണ്ട. എന്നും കണ്ടു കൊണ്ടിരിക്കാം."

അപ്പൂപ്പനും അമ്മൂമ്മയും ചാമ്പയ്ക്ക് കാവലിരുന്നു.അവർ ചാമ്പങ്ങ പറിക്കാൻ വന്ന കുട്ടികളെയെല്ലാം ഓടിച്ചു. അവർ പഴുത്തു ചുവന്ന ചാമ്പങ്ങ സന്തോഷത്തോടെ കണ്ടു കൊണ്ടിരുന്നു.

അങ്ങനെയിരിക്കെ അവരുടെ ചാമ്പങ്ങ രാത്രിയിൽആരോ പറിക്കുന്നുണ്ടെന്ന് അവർക്കു മനസിലായി. അവർ ആളെ കണ്ടുപിടിക്കാൻ തീരുമാനിച്ചു. അത് ഒരു മരപ്പട്ടിയാണെന്ന് അവർക്ക് മനസിലായി.

അപ്പൂപ്പനും അമ്മൂമ്മയും മരപ്പട്ടിയെ എങ്ങനെ പിടിക്കാം എന്ന് തല പുകഞ്ഞാലോചിച്ചു. അങ്ങനെ അമ്മൂമ്മക്കൊരു ഒരു ബുദ്ധി തോന്നി.അമ്മൂമ്മ പറഞ്ഞു . "രാത്രി ആകുമ്പോൾ അപ്പൂപ്പൻ ചാമ്പ മരത്തിനു മുകളിൽ ഇരിക്കണം. മരപ്പട്ടി വരുമ്പോൾ അതിനെ കുലുക്കി താഴേക്കിടണം.ഞാൻ ഒരു വടിയുമായി താഴെ ഇരിക്കാം. ഞാൻ അതിനെ അടിച്ചു കൊല്ലാം." അപ്പൂപ്പൻ സമ്മതിച്ചു.

അങ്ങനെ രാത്രിയായി. അപ്പൂപ്പൻ ചാമ്പ മരത്തിനു മുകളിൽ പുതച്ചു മൂടി ഇരുന്നു. അമ്മൂമ്മചാമ്പ മരത്തിന്റെ ചുവട്ടിലും ഇരുന്നു. കുറെ നേരമായിട്ടും മരപ്പട്ടി വന്നില്ല. അപ്പൂപ്പന് ഉറക്കം വന്നു തുടങ്ങി. അപ്പൂപ്പൻ അങ്ങനെ ഇരുന്ന് ഉറങ്ങിപ്പോയി.ഉറങ്ങിമരത്തിൽ നിന്നു താഴേക്കുവീണു.

രാത്രിയല്ലേ അമ്മൂമ്മക്കുണ്ടോ കണ്ണു കാണാൻ പറ്റുന്നുള്ളൂ! അമ്മൂമ്മ മരപ്പട്ടിയാണെന്നു വിചാരിച്ച് അപ്പൂപ്പനെ അടിയോടടി.

അപ്പൂപ്പൻ വേദന കൊണ്ട് ഉച്ചത്തിൽ നിലവിളിക്കാൻ തുടങ്ങി. നിലവിളിക്കുന്ന ശബ്ദം കേട്ടപ്പോൾ അമ്മൂമ്മക്ക് തോന്നി."ഇത് മരപ്പട്ടിയുടെ സ്വരമല്ലല്ലോ. ഒരു മനുഷ്യന്റെ സ്വരം ആണല്ലോ ?" അമ്മൂമ്മ പുതപ്പു മാറ്റി നോക്കിയപ്പോൾ , അതാ പാവം അപ്പൂപ്പൻ അടി കൊണ്ട് അവശനായി കിടക്കുന്നു. അമ്മൂമ്മക്കും വിഷമമായി. പിന്നീട് അവർ എല്ലാവർക്കും ചാമ്പങ്ങ കൊടുക്കാൻ

തുടങ്ങി. കുട്ടികളുടെ സന്തോഷം കണ്ടപ്പോൾ അവർക്കും സന്തോഷം തോന്നി.

**ഗുണപാഠം : നമ്മുക്കുള്ളത് മറ്റുള്ളവരുമായി പങ്കു വച്ചാൽ സന്തോഷം ഇരട്ടിയാകും..**

# നന്ദി ...............

**ഈ ഉദ്യമത്തിൽ ഞങ്ങളെ സഹായിച്ച**

**ഏവർക്കും**

**പ്രധാന അധ്യാപകൻ, അധ്യാപകർ,**

**കൂട്ടുകാർ ..........അങ്ങനെ എല്ലാവർക്കും**




